## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1396 — 12.07.11 ൽ -മറുപടിക്ക്

### ബി.പി.എൽ - എ.പി.എൽ സർവ്വേ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ.ടി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) |
| (എ) | സംസ്ഥാനത്ത് നിലവിൽ അംഗീകരിച്ചിട്ടുള്ള ബി. പി. എൽ കുടുംബങ്ങളിൽ, എ.പി.എൽ കാർഡുകൾ ലഭിച്ചവരുടെ കാർഡുകൾ ബി.പി.എൽ ആയി മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ്; | (എ) | ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള ബി.പി.എൽ ലിസ്റ്റ് അംഗീകരിക്കുന്ന മുറയ്ക്ക് അതു പ്രകാരം ബി.പി.എൽ കാർഡുകൾ നൽകുന്നതാണ്. |
| (ബി) | കേന്ദ്രസർക്കാർ ഉടനെ ബി.പി.എൽ സർവ്വേ രാജ്യത്തുടനീളം നടത്താൻ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 2011 - ൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനായി ഒരു സോഷ്യോഎക്കണോമിക് സർവ്വേ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ബൃഹത്തായ ഒരു സർവ്വേ നടത്തി ഈ വർഷം അംഗീകരിച്ച ബി.പി.എൽ ലിസ്റ്റ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ; | (സി) | ഉണ്ട്. സംസ്ഥാനത്ത് പ്രസിദ്ധീകരിച്ച ബി. പി. എൽ ലിസ്റ്റ് തയ്യാറാക്കുന്നതിന് സ്വീകരിച്ച രീതിയും മാനദണ്ഡങ്ങളും കേന്ദ്രസർക്കാർ രാജ്യത്തുടനീളം നടത്താൻ പോകുന്ന സർവ്വേയ്ക്ക് സ്വീകരിക്കുന്ന രീതിയും മാനദണ്ഡങ്ങളും വ്യത്യസ്ഥമാണ്. കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന രീതിയിലും മാനദണ്ഡങ്ങൾ പ്രകാരവും സർവ്വേ നടത്തി ബി. പി. എൽ ലിസ്റ്റ് തയ്യാറാക്കിയാൽ മാത്രമേ പ്രസ്തുത ലിസ്റ്റ് കേന്ദ്രസർക്കാർ അംഗീകരിക്കുകയുള്ളൂ. |
| (ഡി) | നിലവിൽ ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ട എ.പി.എൽ കാർഡുടമകൾക്ക് എന്ന് ബി.പി.എൽ കാർഡ് നൽകാനാകും? | (ഡി) | അന്തിമ ബി. പി. എൽ ലിസ്റ്റ് ആകുന്ന മുറയ്ക്ക് കാർഡ് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ